# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഓഗസ്റ്റ് 9

# വാർത്താക്കുറിപ്പ്

---

## ക്ലാസുകൾ മാറ്റി

മഹാത്മാ ഗാന്ധി സർവകലാശാല ലൈഫ് ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ പഠനവകുപ്പിൽ ഓഗസ്റ്റ് 10, 11 തീയതികളിൽ നടത്താനിരുന്ന ക്ലാസുകൾ മാറ്റി.

(പി.ആർ.ഒ./39/1503/2019)

## വൈവാവോസി മാറ്റി

ഓഗസ്റ്റ് 12, 13 തീയതികളിൽ നടത്താനിരുന്ന പത്താം സെമസ്റ്റർ ബി.ആർക് (റഗുലർ/സപ്ലിമെന്ററി) ജൂൺ 2019 പരീക്ഷയുടെ തീസിസ് മൂല്യനിർണയവും വൈവാവോസിയും മാറ്റി. പുതുക്കിയ തീയതി പിന്നീട്. മൂല്യനിർണയത്തിനുള്ള തീസിസ് ഓഗസ്റ്റ് 13ന് വൈകീട്ട് നാലിനകം സമർപ്പിക്കണം.

(പി.ആർ.ഒ./39/1504/2019)

## പരീക്ഷ തീയതി

ഒന്നും മൂന്നും രണ്ടും വർഷ അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ആർക്കിയോളജി ആന്റ് മ്യൂസിയോളജി (റഗുലർ) പരീക്ഷകൾ യഥാക്രമം ഓഗസ്റ്റ് 27, സെപ്റ്റംബർ നാല്, സെപ്റ്റംബർ 18 തീയതികളിൽ ആരംഭിക്കും. പിഴയില്ലാതെ ഓഗസ്റ്റ് 14 വരെയും 500 രൂപ പിഴയോടെ 16 വരെയും 1000 രൂപ സൂപ്പർഫൈനോടെ 17 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/1505/2019)

## ബി.എ., ബി.കോം. പ്രൈവറ്റ്; പരീക്ഷകേന്ദ്രങ്ങൾ

മൂന്നും നാലും സെമസ്റ്റർ ബി.എ., ബി.കോം. പ്രൈവറ്റ് രജിസ്‌ട്രേഷൻ (2017 അഡ്മിഷൻ സി.ബി.സി.എസ്. റഗുലർ/2017ന് മുമ്പുള്ള അഡ്മിഷൻ സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി) ബിരുദ പരീക്ഷയുള്ള ഹാൾടിക്കറ്റ് വിതരണകേന്ദ്രങ്ങളും പരീക്ഷാകേന്ദ്രങ്ങളുമായി. വിശദവിവരം www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1506/2019)

## പരീക്ഷഫലം

2018 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.കോം. സി.ബി.സി.എസ്. (മോഡൽ 1, 2, 3) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് 24 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1507/2019)

## വനിത ഇൻസ്ട്രക്ടർ; അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാല ലേഡീസ് ഫിറ്റ്നസ് സെന്ററിൽ കരാറടിസ്ഥാനത്തിൽ വനിത ഇൻസ്ട്രക്ടറെ നിയോഗിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ഒരു വർഷമാണ് കാലാവധി. മാസം 12500 രൂപയാണ് പ്രതിഫലം. യോഗ്യത: പ്ലസ്ടു പാസായിരിക്കണം, വെയിറ്റ് ലിഫ്റ്റിംഗ്, പവർ ലിഫ്റ്റിംഗ്, ബോഡി ബിൽഡിങ് ഇവയിലേതെങ്കിലുമുള്ള പ്രവൃത്തിപരിചയം, അംഗീകൃത സ്ഥാപനങ്ങളിൽ ആറുമാസത്തിൽ

കുറയാതെ വനിത ഇൻസ്ട്രക്ടറെന്ന നിലയിലുള്ള പ്രവൃത്തി പരിചയം, അംഗീകൃത അലോപ്പതി ഡോക്ടറിൽ നിന്നുള്ള ഫിസിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്. പ്രവൃത്തിസമയം രാവിലെ ഏഴുമുതൽ ഒൻപതുവരെയും വൈകീട്ട് നാലു മുതൽ ഏഴുവരെയും ആയിരിക്കും. താല്പര്യമുള്ളവർ വിശദമായ ബയോഡാറ്റയും ബന്ധപ്പെട്ട രേഖകളും സഹിതം ഡെപ്യൂട്ടി രജിസ്ട്രാർ 2 (ഭരണ വിഭാഗം), മഹാത്മാ ഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., അതിരമ്പുഴ - 686560 എന്ന വിലാസത്തിൽ ഓഗസ്റ്റ് 15ന് വൈകീട്ട് അഞ്ചിന് മുമ്പായി അപേക്ഷ സമർപ്പിക്കണം.

(പി.ആർ.ഒ./39/1508/2019)

## പി.ജി. പ്രൈവറ്റിന് പരിഷ്ക്കരിച്ച റഗുലർ സ്കീം സിലബസ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ പി.ജി. പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികൾക്ക് ഈ അധ്യയന വർഷം മുതൽ (2019-20) റഗുലർ സ്കീമിലുള്ള പരിഷ്ക്കരിച്ച സിലബസാണ് ബാധകം. വിശദമായ സിലബസ് www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

(പി.ആർ.ഒ./39/1509/2019)

## എൻ.എസ്.എസ്. നേതൃത്വ പരിശീലന ക്യാമ്പ് 16 മുതൽ

മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിലെ എൻ.എസ്.എസ്. വോളണ്ടിയർ സെക്രട്ടറിമാർക്കുള്ള നേതൃത്വ പരിശീലന ക്യാമ്പ് ഓഗസ്റ്റ് 16 മുതൽ 18 വരെ മണർകാട് സെന്റ് മേരീസ് കോളേജിൽ നടക്കും. 16ന് വൈകീട്ട് നാലിന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ക്യാമ്പ് ഉദ്ഘാടനം ചെയ്യും. വോളണ്ടിയർ സെക്രട്ടറിമാർ പ്രിൻസിപ്പലിന്റെ കത്തും തിരിച്ചറിയൽ രേഖയുമായി 16ന് വൈകീട്ട് നാലിനകം ക്യാമ്പിൽ എത്തണമെന്ന് സർവകലാശാല എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു അറിയിച്ചു.

(പി.ആർ.ഒ./39/1510/2019)

## കുട്ടികളിലെ ഓട്ടിസം; എം.ജി.യിൽ ത്രിദിന രാജ്യാന്തര കോൺഫറൻസ് ഓഗസ്റ്റ് 12 മുതൽ

മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസ്, ന്യൂയോർക്കിലെ അഡൽഫി യൂണിവേഴ്സിറ്റി, ഓട്ടിസം കെയർ സൊസൈറ്റി, നേപ്പാളിലെ കാഠ്മണ്ഡു യൂണിവേഴ്സിറ്റി, ഡിസെബിലിറ്റി റിസർച്ച് സെന്റർ എന്നിവയുടെ സഹകരണത്തോടെ നടത്തുന്ന ത്രിദിന സി.ആർ.ഇ. അക്രഡിറ്റഡ് രാജ്യാന്തര കോൺഫറൻസ് ഓഗസ്റ്റ് 12 മുതൽ 14 വരെ മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കും. 'റിസർച്ച് ബേസ്ഡ് പ്രാക്ടീസസ് ഫോർ മാനേജിംഗ് ചിൽഡ്രൻ വിത്ത് ഓട്ടിസം സ്പെക്ട്രം ഡിസോഡേഴ്സ്' എന്ന വിഷയത്തിലാണ് കോൺഫറൻസ്.

12ന് രാവിലെ 9.30ന് സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലെ ഐ.യു.സി.ഡി.എസിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും. ഐ.യു.സി.ഡി.എസ്. ഡയറക്ടർ ഡോ. പി.ടി. ബാബുരാജ് അധ്യക്ഷത വഹിക്കും. ഡോ. എൻ.എൻ. ഹേന, റിനി മറിയം ജോർജ് എന്നിവർ പങ്കെടുക്കും. ഡോ. സ്റ്റീഫൻ എം. ഷോർ, ഡോ. നീരജ് പൗഡ്യാൽ, ഡോ. സുനിത മലേക അമത്യ, അഡ്വ. രാജ്കുമാർ സുവാൽ, ഹിമാംശുകുമാർ പട്നായിക്, ഹരിറാം, ജി.പി. പ്രീത, ഡോ. രാജശ്രീ, ഡോ. പവൻ ജെ. ആന്റണി, ടി. ജിനി ഡാൻ എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധം അവതരിപ്പിക്കും. വിശദവിവരത്തിന് ഫോൺ: 0481-2731580. ഇമെയിൽ: iucdsmgu@gmail.com.

(പി.ആർ.ഒ./39/1511/2019)

## മെറ്റീരിയൽ സയൻസ് രാജ്യാന്തര സമ്മേളനത്തിന് എം.ജി.യിൽ തുടക്കമായി

മെറ്റീരിയൽ സയൻസിലെയും പോളിമർ സയൻസിലെയും നൂതന കണ്ടെത്തലുകൾ സമൂഹത്തിന് ഏറെ ഗുണം ചെയ്യുമെന്ന് മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. അഡ്വാൻസ്ഡ് മെറ്റീരിയലുകളുമായി ബന്ധപ്പെട്ട് മെറ്റീരിയൽ സയൻസിലെ നൂതന കണ്ടെത്തലുകളും ഭാവി സാധ്യതകളും ചർച്ച ചെയ്യുന്ന ത്രിദിന രാജ്യാന്തര സമ്മേളനം മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രാകേഷ് അഗർവാൾ, ഇനാ റേ ബാനർജി, ഗൗർ പ്രസാദ് ദാസ് എന്നിവർ സന്നിഹിതരായിരുന്നു. മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ്

ആന്റ് നാനോ ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ ബീജിംഗിലെ യൂണിവേഴ്സിറ്റി ഓഫ് കെമിക്കൽ ടെക്നോളജി, പോളണ്ടിലെ യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജി എന്നിവയുമായി സഹകരിച്ചാണ് പരിപാടി സംഘടിപ്പിക്കുന്നത്.

അഡ്വാൻസ്ഡ് പോളിമർ മെറ്റീരിയലുകൾ, സെറാമിക്, സെമി കണ്ടക്ടർ മെറ്റീരിയൽസ്, ഫോട്ടോവോൾട്ടെയ്ക്സ്, പോളിമർ നാനോ കമ്പോസിറ്റ്സ്, പോളിമർ പവർ എൻജിനീയറിംഗ്, പ്രോസസിംഗ് ഓഫ് അഡ്വാൻസ്ഡ് പോളിമർ സിസ്റ്റം തുടങ്ങി വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്ന സമ്മേളനം ഓഗസ്റ്റ് 11ന് അവസാനിക്കും.. പോസ്റ്റർ പ്രദർശനവും മത്സരവും ഇതോടനുബന്ധിച്ച് നടക്കും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നൂറിലധികം ഗവേഷകർ പങ്കെടുക്കുന്നു.

## ഫോട്ടോ ക്യാപ്ഷൻ

**അഡ്വാൻസ്ഡ് മെറ്റീരിയലുകളുമായി ബന്ധപ്പെട്ട് മെറ്റീരിയൽ സയൻസിലെ നൂതന കണ്ടെത്തലുകളും ഭാവി സാധ്യതകളും ചർച്ച ചെയ്യുന്ന ത്രിദിന രാജ്യാന്തര സമ്മേളനം മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ./39/1512/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ